# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2127** **06.02.2019-ൽ മറുപടിക്ക്**

## മേലാറ്റൂർ പി.എച്ച്.സി. യിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ പി.എച്ച്.സി യിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭിയ്ക്കാത്തതു മൂലം രോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർമാരുടെ തസ്തിക മൂന്നെണ്ണമാണ്. ഇതു കൂടാതെ എൻ.എച്ച്.എം. മുഖേന 2 ഡോക്ടർമാരെ കരാർ നിയമന പ്രകാരവും നിയമിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. നിലവിൽ ഇവിടുത്തെ ഒ.പി സമയം രാവിലെ 9 മുതൽ ഉച്ചയ്ക്ക് ശേഷം 2 വരെയാണ്. |
| (ബി) | രോഗികൾക്ക് യഥാസമയം ചികിത്സ ലഭിയ്ക്കാത്തതിനാൽ പ്രദേശത്തെ പട്ടികജാതി കോളനി നിവാസികളുൾപ്പെടെയുള്ളവർക്ക് മറ്റ് സ്വകാര്യ ആശുപത്രികളെയാണ് പലപ്പോഴും ആശ്രയിക്കേണ്ടി വരുന്നതെന്ന കാര്യം ഗൗരവമായി കണക്കിലെടുക്കുമോ; വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത ആശുപത്രിയിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കാമോ? | (സി) | നിലവിൽ ഇവിടുത്തെ ഒ.പി സമയം രാവിലെ 9 മുതൽ ഉച്ചയ്ക്ക് ശേഷം 2 വരെയാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ